LIBRARY ARCHIVES Kerala Legislative Assembly

വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം

110 [552] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര തുറമുഖങ്ങളുണ്ട്; മൈനർ, മീഡിയം, മേജർ തുറമുഖങ്ങൾ ഓരോന്നും എത്ര; അവ ഏതെല്ലാം;

(ബി) വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനുവേണ്ടി എന്തൊക്കെ പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ;

(സി) ഈ തുറമുഖത്തിന്റെ വികസനം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്ക് എന്തൊക്കെ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്;

(ഡി) അവ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ പ്രതികരണം എന്താണ്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) 18. മേജർ ഒന്ന്, ഇടത്തരം മൂന്ന്, ചെറുകിട തുറമുഖങ്ങൾ പതിനാല്

മേജർ തുറമുഖം-കൊച്ചി.

ഇടത്തരം തുറമുഖം - നീണ്ടകര, ബേപ്പൂർ, ആലപ്പുഴ

ചെറുകിട തുറമുഖങ്ങൾ - വിഴിഞ്ഞം, വലിയതുറ, തങ്കശ്ശേരി, കായംകുളം, മനക്കോടം, മുനമ്പം, പൊന്നാനി, വടകര, കണ്ണൂർ, അഴീക്കൽ, തലശ്ശേരി, നീലേശ്വരം, മഞ്ചേശ്വരം, കാസർഗോഡ്.

(ബി) വിഴിഞ്ഞം തുറമുഖത്ത് ഒരു കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സഹകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കുന്നതിന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്.

(സി) പ്രധാനമന്ത്രി പ്രഖ്യാപിച്ചിട്ടുള്ള സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് മറുപടിയൊന്നും ലഭിച്ചിട്ടില്ല.